"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - ചിറ്റൂർ ഗവ.കോളേജിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ചതിന് ശേഷം മരണപ്പെട്ട ഗോപിനാഥ്.സി - യുടെ ഡി.സി.ആർ.ജി - യിൽ നിന്നും ഈടാക്കിയ അധിക തുക തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.128/2024/HEDN തീയതി,തിരുവനന്തപുരം, 23-01-2024

പരാമർശം:-

1. സ.ഉ(സാധാ) നം.4473/2019/ധന തീയതി, 13.06.2019
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.08.2023, 08.11.2023 തീയതികളിലെ ജെ4/3735/2019/കോ.വി.വ നമ്പർ കത്തുകൾ.
3. സ.ഉ(സാധാ) നം.4418/2023/ധന തീയതി, 25.02.2023

**ഉത്തരവ്**

തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിൽ ജോലി നോക്കി വരവേ വാഹനാപകടത്തിൽ മരണപ്പെട്ട സുധാകരൻ കെ.വി യുടെ ജി.പി.എ.ഐ.എസ് ക്ലെയിം തുകയായ 10 ലക്ഷം രൂപ ടിയാന്റെ ഭാര്യയ്ക്ക് അനുവദിച്ച് തീർപ്പ് കൽപ്പിച്ച പരാമർശം (1) ഉത്തരവിൽ, പ്രസ്തുത തുക അപ്പീൽ അപേക്ഷ തീയതിയായ 18.07.2018 മുതലുള്ള 6% പലിശയടക്കം സുധാകരന്റെ പ്രീമിയം തുക യഥാസമയം ഒടുക്കാതിരുന്ന ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു.

2. ടി ബാധ്യത നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ ഒരാളായ സി.ഗോപിനാഥ്, റിട്ട.സീനിയർ സൂപ്രണ്ടിൽ നിന്നും ടിയാന്റെ വ്യക്തിഗത ബാധ്യതയായ 2,50,000/- രൂപയും, 6% പലിശയുമടക്കം 2,63,603/- രൂപ ഡി.സി.ആർ.ജി - യിൽ നിന്നും കുറവ് ചെയ്ത് പാലക്കാട് സബ് ട്രഷറിയിൽ 8011-00-105-95-01 എന്ന ശീർഷകത്തിൽ ഒടുക്കിയിരുന്നു.

3. തുടർന്ന്, പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ബാധ്യത തുകയായ 10 ലക്ഷം രണ്ട് ലക്ഷം രൂപയും അപ്പീൽ അപേക്ഷാ തീയതിയായ 18.07.2018 മുതലുള്ള 6% പലിശയുമായി പുനഃനിശ്ചയിക്കുകയും, അപ്രകാരം ഗോപിനാഥ്.സി യുടെ ബാധ്യത തുക 2,00,000/- രൂപയും, അപ്പീൽ അപേക്ഷാ തീയതിയായ 18.07.2018 മുതലുള്ള 6% പലിശയും ഉൾപ്പെടെ 2,10,882/- രൂപയുമായി നിജപ്പെടുത്തുകയുമുണ്ടായി.

4. ഗോപിനാഥ്.സി - യിൽ നിന്നും അധികമായി ഈടാക്കിയ 52,721/-രൂപ ഏത് ശീർഷകത്തിൽ നിന്നും തിരികെ ഈടാക്കും എന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സ്പഷ്ടീകരണം തേടിയിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറ്റൂർ ഗവ.കോളേജിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ചതിന് ശേഷം മരണപ്പെട്ട ഗോപിനാഥ്.സി., 8011-00-105-95-01-Premium ശീർഷകത്തിൽ അധികമായി ഒടുക്കിയ ബാധ്യത തുകയായ 52,721/-രൂപ,

ജി.പി.എ.ഐ.എസ് ക്ലെയിമുകൾ പ്രത്യേകമായി ക്ലാസ്സിഫൈ ചെയ്യുന്നതിനായുള്ള 8011-00-105-95-89-GPAIS ശീർഷകത്തിൽ നിന്നും, ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ നിയമപരമായ അനന്തരാവകാശികൾക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. 8011-00-105-95-89 - GPAIS ശീർഷകത്തിൽ നിന്നും റീഫണ്ട് ക്ലെയിമിനായി മേൽ ശീർഷകത്തിന്റെ മുഖ്യ നിയന്ത്രണാധികാരിയായ ഇൻഷ്വറൻസ് ഡയറക്ടറെ സമീപിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസം സി) വകുപ്പ് (2127068/EDN-C4/183/2022-Fin, തീയതി 22.11.2023, 18.12.2023 നമ്പർ കുറിപ്പുകൾ പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/140/2020/ഉ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

സെക്ഷൻ ഓഫീസർ

Date: 23-01-2024 16:32:35